ഉത്തരം

(എ)	താലൂക്ക് ആശുപത്രികൾ	—	5
	കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ	—	8
	പ്രൈമറി ഹെൽത്ത് സെന്ററുകൾ	—	4
	ആകെ	—	17

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഡോക്ടർമാരുടെ പ്രസ്തുത ഒഴിവുകൾ ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റ്റുവഴിയും പ്രൊമോഷൻ മുഖേനയും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ലാ സെക്രട്ടറി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, ഹെഡ് നേഴ്സ് എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

എൽ.എച്ച്.ഐ.മാരുടെ തസ്തിക ജൂനിയർ പി. എച്ച്. എൻ.മാരുടെ പ്രൊമോഷൻ തസ്തികയാണ്. ഈ തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാർമസിസ്റ്റിന്റെ ഒഴിവ് ജനറൽ ട്രാൻസ്ഫർ മുഖേന നികത്തുന്നതാണ്. ഡ്രൈവർ, സ്റ്റാഫ് നേഴ്സ്, എച്ച്. ഐ. ഗ്രേഡ്-2 എന്നീ ഒഴിവുകൾ പി. എസ്. സി.യെ അറിയിച്ചിട്ടുണ്ട്. ലാബ് ടെക്നീഷ്യന്മാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. റേഡിയോഗ്രാഫർ തസ്തികയുടെ ഒഴിവ് പി.എസ്.സി.യുടെ എൻ. ഒ. സി. കിട്ടിയാലുടൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതാണ്. ലെപ്രസി ഇൻസ്പെക്ടറുടെ തസ്തികകളിലെ ഒഴിവുകൾ ഈ പ്രോഗ്രാം ജനറൽ ഹെൽത്തുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനാൽ നികത്തേണ്ടതില്ല. നേഴ്സിംഗ് അസിസ്റ്റന്റ്, ആശുപത്രി അറ്റന്റന്റ് ഗ്രേഡ്-1, ഗ്രേഡ്-2 എന്നീ തസ്തികകൾ പ്രൊമോഷൻ മുഖേന നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്താൻ നടപടി

136 [912] ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഓരോ വർഷവും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ക്വാട്ട അനുസരിച്ചാണ് പി.എച്ച്.സി.കളെ സി.എച്ച്.സി. കളായി ഉയർത്തുന്നത്. മഞ്ചേശ്വരം ഗവൺമെന്റ് ആശുപത്രി സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം യഥാസമയം പരിഗണിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly